# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മേയ് 15<br>May 15 | 2019 |
|---|---|

*1193 ഇടവം 1 ബുധൻ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഹൈസ്കൂൾ അധ്യാപക ശില്പശാല ആരംഭിച്ചു**

തിരുവല്ല, പത്തനംതിട്ട എന്നീ വിദ്യാഭ്യാസ ജില്ലകൾ കേന്ദ്രീകരിച്ച് സെക്കൻഡറി അധ്യാപകർക്കായി അവധിക്കാല അധ്യാപക ശില്പശാല ആരംഭിച്ചു. വിദ്യാഭ്യാസ ഉപഡയറക്ടർ പി.എ ശാന്തമ്മ തിരുവല്ല കാവുംഭാഗം ദേവസ്വം ബോർഡ് ഹൈസ്കൂളിൽ ശില്പശാല ഉദ്ഘാടനം ചെയ്തു. സമഗ്രശിക്ഷ കേരള ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ.വിജയമോഹനൻ, ഡയറ്റ് പ്രിൻസിപ്പാൾ പി.ലാലിക്കുട്ടി, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ജി.ഉഷ, സ്കൂൾ ഹെഡ്മിസ്ട്രസ് കെ.ഗീത, സി.ആർ.സി കോ-ഓർഡിനേറ്റർ രാധിക വി.നായർ എന്നിവർ സംസാരിച്ചു.

ജില്ലയിലെ രണ്ട് വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി 1512 അധ്യാപകരാണ് ശില്പശാലയിൽ പങ്കെടുക്കുന്നത്. എട്ട്, ഒമ്പത് ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പശ്ചാത്തലത്തിൽ ഏറ്റെടുത്തു നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസം, പഠനമികവ് ഉയർത്താനുള്ള തന്ത്രങ്ങൾ, നൂതനാശയ പ്രവർത്തനങ്ങൾ, ഗവേഷണാത്മക അധ്യാപനം എന്നിവയെ കേന്ദ്രീകരിച്ചാണ് സെക്കൻഡറിതല ശില്പശാല സംഘടിപ്പിക്കുന്നത്. രണ്ടാംഘട്ട ശില്പശാല 17ന് ആരംഭിക്കും.

(പിഎൻപി 1140/19)

## അടൂർ എഞ്ചിനീയറിംഗ് കോളേജിൽ ബി.ടെക് എൻആർഐ സീറ്റുകളിലേക്ക് അപേക്ഷിക്കാം

ഐഎച്ച്ആർഡിയുടെ കീഴിൽ പ്രവർത്തിക്കുന്ന അടൂർ എഞ്ചിനീയറിംഗ് കോളേജിൽ ബി.ടെക് എൻ.ആർ.ഐ. സീറ്റുകളിലേക്ക് ഓൺലൈൻ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. മെക്കാനിക്കൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ ബ്രാഞ്ചുകളിലേക്കാണ് പ്രവേശനം. അപേക്ഷ www.ihrd.kerala.gov.in/enggnri എന്ന വെബ് സൈറ്റിലാണ് സമർപ്പിക്കേണ്ടത്. അപേക്ഷകൾ ഓൺലൈനായി ഈ മാസം 25 വൈകിട്ട് 5 വരെ സ്വീകരിക്കും. അപേക്ഷയുടെ പ്രിന്റ്ഔട്ട്, അനുബന്ധ രേഖകൾ, കോളേജ് പ്രിൻസിപ്പാളിന്റെ പേരിൽ അടൂരിൽ മാറാവുന്ന 600 രൂപയുടെ ഡി.ഡി. എന്നിവ ഈ മാസം 29 വൈകിട്ട് അഞ്ചിന് മുമ്പ് കോളേജ് ഓഫീസിൽ സമർപ്പിക്കണം. ഫോൺ: 04734 231995/230640.

(പിഎൻപി 1141/19)

## സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് അപേക്ഷിക്കാം

ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമയി ജൂണിൽ ആരംഭിക്കുന്ന ഫീൽഡ് എൻജിനീയർ, ആർക്-ഗ്യാസ് വെൽഡിംഗ്, ഫാഷൻ ഡിസൈനിംഗ്, റ്റാലി, ആയുർവേദ സ്പാ തെറാപ്പി എന്നിവയിൽ പരിശീലനത്തിന് അപേക്ഷിക്കാം. നഗരസഭയിലെ സ്ഥിരം താമസക്കാരായിരിക്കണം അപേക്ഷകർ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് 25. കൂടുതൽ വിവരത്തിന് പന്തളം നഗരസഭാ കുടുംബശ്രീ സിഡിഎസുമായി ബന്ധപ്പെടണം. ഫോൺ: 8281770433. (പിഎൻപി 1142/19)

## പട്ടികവർഗ വിദ്യാർഥികൾക്ക് യാത്രാ സൗകര്യം

ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നതും ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്നതുമായ പട്ടികവർഗ വിദ്യാർഥികൾക്ക് സ്കൂളിൽ പോയിവരുന്നതിനുള്ള യാത്രാസൗകര്യം ഒരുക്കുന്ന ഗോത്രസാരഥി പദ്ധതിയിൽ അർഹതയുള്ള സ്കൂളുകളെ ഉൾപ്പെടുത്തുന്നതിന് സ്ഥാപന മേധാവികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരം റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ ലഭിക്കും. ഫോൺ: 04735 227703.

(പിഎൻപി 1143/19)

## പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിൽ ഡിപ്ലോമ/ബിരുദ കോഴ്സുകൾക്ക് അപേക്ഷിക്കാം

പോണ്ടിച്ചേരി യൂണിവേഴ്സിറ്റി മാഹി കേന്ദ്രത്തിൽ നടത്തിവരുന്ന ഡിപ്ലോമ/ബിരുദ കോഴ്സുകളിൽ പ്രവേശനത്തിന് ഹയർ സെക്കൻഡറി കഴിഞ്ഞവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. യുജിസി ആവിഷ്കരിച്ച അഭിരുചിക്ക് അനുസൃതമായ തൊഴിൽ പരിശീലനം നൽകുന്ന ത്രിവത്സര ബി.വോക്ക് ഫാഷൻ ടെക്നോളജി, ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, ഒരു വർഷ കോഴ്സുകളായ ടൂറിസം ആൻഡ് സർവീസ് ഇൻഡസ്ട്രി, റേഡിയോഗ്രാഫിക് ആൻഡ് ഇമേജിംഗ് ടെക്നോളജി എന്നീ കോഴ്സുകളിലേക്കാണ് പ്രവേശനം. ബി. വോക്ക് കോഴ്സുകളിൽ ഒരു വർഷ പഠന ശേഷം ഡിപ്ലോമ അല്ലെങ്കിൽ രണ്ട് വർഷ പഠന ശേഷം അഡ്വാൻസ് ഡിപ്ലോമ കരസ്ഥമാക്കി കോഴ്സുകളിൽ നിന്ന് പിൻവാങ്ങാൻ വിദ്യാർഥികൾക്ക് അവസരമുണ്ട്. അപേക്ഷാഫോറം മാഹി കേന്ദ്രത്തിലും www.pondiuni.edu.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 26. ഫോൺ: 0490 2332622, 9207982622. (പിഎൻപി 1144/19)

## സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷിക്കാം

ചെന്നീര്‍ക്കര ഗവണ്‍മെന്റ് ഐടിഐയില്‍ 2014 മുതല്‍ 2017 വരെ എന്‍സിവിറ്റി ട്രേഡുകളില്‍ പ്രവേശനം നേടിയവര്‍ക്ക് ഒന്നും രണ്ടും മൂന്നും നാലും സെമസ്റ്റര്‍ സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷിക്കാം. ആകെ അഞ്ച് അവസരങ്ങള്‍ വിനിയോഗിക്കാത്ത ട്രെയിനികള്‍ ആയിരിക്കണം. അപേക്ഷ ഈ മാസം 17ന് വൈകിട്ട് നാലിനകം പ്രിന്‍സിപ്പലിന് ലഭിക്കണം. കൂടുതല്‍ വിവരം det.kerala.gov.in എന്ന വെബ്സൈറ്റില്‍ ലഭിക്കും.

(പിഎന്‍പി 1145/19)

**<u>ലോക്സഭാ ഇലക്ഷന്‍ 2019</u>**

## വോട്ടെണ്ണല്‍ : നോഡല്‍ ഓഫീസര്‍മാരെ നിയമിച്ചു

ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഈ മാസം 23ന് ചെന്നീര്‍ക്കര കേന്ദ്രീയ വിദ്യാലയത്തില്‍ നടക്കുന്ന പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിലെ വോട്ടെണ്ണലുമായി ബന്ധപ്പെട്ട് വിവിധ ജോലികള്‍ ഏകോപിപ്പിക്കുന്നതിന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസര്‍ കൂടിയായ ജില്ലാ കളക്ടര്‍ പി.ബി.നൂഹ് നോഡല്‍ ഓഫീസര്‍മാരെ നിയമിച്ച് ഉത്തരവായി. നോഡല്‍ ഓഫീസര്‍, വിഭാഗം എന്നിവ ചുവടെ.

മാത്യു ജോണ്‍, അസിസ്റ്റന്റ് എന്‍ജിനീയര്‍, പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം – മീഡിയ ആന്‍ഡ് ടെലികമ്മ്യൂണിക്കേഷന്‍ അറേഞ്ച്മെന്റ് (ടെക്നിക്കല്‍ സപ്പോര്‍ട്ട്), ചെറിയാന്‍ വി.കോശി, സീനിയര്‍ സൂപ്രണ്ട്, കളക്ടറേറ്റ് – ഫോറം ആന്‍ഡ് സ്റ്റേഷനറി, സി.മണിലാല്‍, ജില്ലാ ഇന്‍ഫര്‍മേഷന്‍ ഓഫീസര്‍ – മീഡിയ റൂം, സാജന്‍ വി.കുര്യാക്കോസ്, തഹസീല്‍ദാര്‍ മല്ലപ്പള്ളി– പബ്ലിക് കമ്മ്യൂണിക്കേഷന്‍ റൂം, ആര്‍.രാജലക്ഷ്മി, സ്പെഷ്യല്‍ തഹസീല്‍ദാര്‍ എല്‍.എ പവര്‍ഗ്രിഡ്– കമ്മ്യൂണിക്കേഷന്‍ റൂം, ജിജി ജോര്‍ജ്, ജില്ലാ ഇന്‍ഫര്‍മാറ്റിക്സ് ഓഫീസര്‍– ക്യുആര്‍ കോഡ് റീഡിംഗ്, ആലീസ് ആന്‍ഡ്രൂസ് കോട്ടിരി, അഡീഷണല്‍ ഇന്‍ഫര്‍മാറ്റിക്സ് ഓഫീസര്‍–ഇ.സുവിധ ആന്‍ഡ് ട്രെന്‍ഡ്, നന്ദകുമാര്‍, ഫിനാന്‍സ് ഓഫീസര്‍ കളക്ടറേറ്റ്–ടാബുലേഷന്‍, റ്റി.ജി.ഗോപകുമാര്‍, സ്പെഷ്യല്‍ തഹസീല്‍ദാര്‍ എല്‍.എ (ജനറല്‍)– റിഫ്രഷ്മെന്റ്, എം.എ.ഷാജി, തഹസീല്‍ദാര്‍ ആര്‍.ആര്‍ ഓഫീസ്– ഇവിഎം, വിവിപാറ്റ്.

(ഇലക്ഷന്‍: 265/19)

## ഫോട്ടോ അടിക്കുറിപ്പ്

1) കാവുംഭാഗം ദേവസ്വം ബോര്‍ഡ് ഹൈസ്കൂളില്‍ ആരംഭിച്ച ഹൈസ്കൂള്‍ അധ്യാപക ശില്പശാല വിദ്യാഭ്യാസ ഉപഡയറക്ടര്‍ പി.എ ശാന്തമ്മ ഉദ്ഘാടനം ചെയ്യുന്നു.


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.


**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| **മേയ് 15** / **May 15** | **2019** |
| --- | --- |

*1193 ഇടവം 1 ബുധൻ*

# പത്രക്കുറിപ്പ് -2



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**സൗജന്യ പരിശീലനം**

പത്തനംതിട്ട എസ്ബിഐയുടെ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ കുട, പേപ്പർ ബാഗ്, കവർ, മെഴുകുതിരി എന്നിവയുടെ നിർമാണത്തിൽ സൗജന്യ പരിശീലനം നൽകുന്നു. 10 ദിവസമാണ് പരിശീലന കാലാവധി. താത്പര്യമുള്ളവർ 0468 2270243, 2270244 എന്നീ നമ്പരുകളിൽ രജിസ്റ്റർ ചെയ്യണം.

(പിഎൻപി 1146/19)

**പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ അദാലത്ത്**

സംസ്ഥാന പട്ടികജാതി പട്ടികഗോത്ര കമ്മീഷൻ ഈ മാസം 28നും 29നും കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ പരാതിപരിഹാര അദാലത്ത് നടത്തും. കമ്മീഷൻ ചെയർമാൻ ബി.എസ്.മാവോജി, എസ്.അജയകുമാർ, രജിസ്ട്രാർ ജി.തുളസീധരൻ പിള്ള, അസിസ്റ്റന്റ് രജിസ്ട്രാർ കെ.ഷീജ എന്നിവർ അദാലത്തിന് നേതൃത്വം നൽകും. പട്ടികജാതി പട്ടികഗോത്ര വർഗക്കാരുടെ വിവിധ വിഷയങ്ങളിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും വിചാരണയിൽ ഇരിക്കുന്നതുമായ കേസുകളിൽ പരാതിക്കാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ട് പരാതികൾ തീർപ്പാക്കും. (പിഎൻപി 1147/19)

## പ്രളയത്തിൽ പൂർണമായി വീട് നഷ്ടപ്പെട്ടവർക്ക് വയറിംഗ് സാമഗ്രികൾ സൗജന്യമായി നൽകും

കഴിഞ്ഞ മഹാപ്രളയത്തിൽ വീട് പൂർണമായി നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമ്മിക്കുമ്പോൾ ആവശ്യമായ വയറിംഗ് സാമഗ്രികൾ സൗജന്യമായി നൽകും. പ്രമുഖ ഉല്പാദകരായ ലെഗ്രാൻഡ് കമ്പനി തങ്ങളുടെ കമ്മ്യൂണിറ്റി സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽ നിന്നും ലൈഫ് മിഷൻ മുഖേനയാണ് സാധനങ്ങൾ ലഭ്യമാക്കുന്നത്. പത്തനംതിട്ട ജില്ലയിൽ പ്രളയത്തിൽ വീട് പൂർണമായും നഷ്ടപ്പെട്ടവരിൽ സർക്കാർ ധനസഹായമായ നാല് ലക്ഷം രൂപ കൈപ്പറ്റി സ്വന്തമായി വീട് നിർമ്മിക്കുന്ന 362 പേർക്കാണ് വൈദ്യുതീകരണ സാമഗ്രികളുടെ കിറ്റ് നൽകുന്നത്.

വയറിംഗ് സാമഗ്രികളുടെ വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനം 18ന് രാവിലെ 11ന് കോഴഞ്ചേരി തെക്കേമലയിലുള്ള പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ജില്ലാ കളക്ടർ പി.ബി നൂഹ് നിർവഹിക്കും. (പിഎൻപി 1148/19)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**